**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഗ്രാന്റ് സ്കോളർഷിപ്പിന് അപേക്ഷ നൽകാൻ ഒ.ബി.സി. വിഭാഗത്തിലെ മുഴുവൻ സമുദായത്തിനും സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് അപേക്ഷിക്കാൻ അവസരമുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികൾക്ക് വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അപേക്ഷ ക്ഷണിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നവർക്കെല്ലാം അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഇ-ഗ്രാന്റ് സ്കോളർഷിപ്പ് സംബന്ധിച്ച സർക്കുലർ പ്രകാരം ഒ.ബി.സി. ഉൾപ്പെടെയുള്ളവർക്ക് അപേക്ഷിക്കാം എന്നിരിക്കെ ഒ.ബി.സി. യിൽ മുസ്ലിം, ക്രിസ്ത്യൻ കുട്ടികൾ ഉൾപ്പെടില്ലെന്ന ജില്ലാ ഓഫീസുകളിൽ നിന്നുള്ള വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര മാനദണ്ഡ പ്രകാരം വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ അർഹതയുള്ള സമുദായങ്ങൾ അവർക്ക് അർഹതയുള്ള മെച്ചപ്പെട്ട ഒരു സ്കോളർഷിപ്പ് മാത്രം തെരഞ്ഞെടുക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. ഒരേയാൾതന്നെ വ്യത്യസ്ത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നത് ഒഴിവാക്കുന്നതിനാണ് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ചില വിഭാഗങ്ങൾക്ക് അപേക്ഷിക്കാൻ സാധിക്കാത്തതിന്, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ ക്ഷണിക്കും എന്നുള്ള കാരണം പറഞ്ഞുവെങ്കിലും കഴിഞ്ഞ വർഷം പ്രസ്തുത പോർട്ടലിൽ അങ്ങനെ ഒരു അപേക്ഷ ക്ഷണിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രീമെട്രിക് തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്കോളർഷിപ്പ് വിഭാഗവും പോസ്റ്റ്മെട്രിക് തലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്കോളർഷിപ്പ് വിഭാഗവുമാണ് കേരളത്തിലെ നോഡൽ ഓഫീസുകൾ. ടി ഓഫീസുകളുമായി ബന്ധപ്പെട്ടതിൽ നിന്നും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷിച്ചവർക്ക് സ്കോളർഷിപ്പ് ലഭ്യമാകാത്ത സാഹചര്യവും സാങ്കേതിക പ്രശ്നങ്ങൾ മൂലം അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ ന്യൂനപക്ഷ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കാത്തവർക്കും അപേക്ഷിച്ചിട്ട് ലഭ്യമാകാത്തവർക്കും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ